# പതിമൂന്നാം കേരള നിയമസഭ

## അഞ്ചാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത

ചോദ്യം നമ്പർ: 6537

11/07/2012 – ൽ മറുപടിയ്ക്ക്

## ജയിൽ വകുപ്പിൽ നടക്കുന്ന നിർമ്മാണ പ്രവർത്തനങ്ങൾ

ചോദ്യം
ശ്രീ. വി.ഡി. സതീശൻ

മറുപടി
ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ
( ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി)

| | |
|---|---|
| (എ) 2010-ൽ ഉദ്യോഗസ്ഥ ഭരണപരിഷ്ക്കാര വകുപ്പ് പഠന സംഘം ജയിൽ വകുപ്പിനെക്കുറിച്ച് പഠനം നടത്തി സമർപ്പിച്ച റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ എന്തെല്ലാം നിർദ്ദേശങ്ങൾ ജയിൽ വകുപ്പിൽ നിന്നും ലഭിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കാമോ ;' | (എ) മിനിസ്റ്റീരിയൽ തസ്തികകൾ സൃഷ്ടിക്കുന്നതിനുളള ശുപാർശ ലഭിച്ചിട്ടുണ്ട്. |
| (ബി) ജയിൽ വകുപ്പിൽ നടക്കുന്ന നിർമ്മാണ പ്രവർത്തനങ്ങൾക്ക് മേൽനോട്ടം വഹിക്കുന്നതിന് എൻജിനീയർ ഉൾപ്പെട്ട സബ് ജയിൽ /ഡിസ്ട്രിക്റ്റ് ലെവൽ കമ്മിറ്റി രൂപീകരിക്കുമോ ; എങ്കിൽ ഇതിനായി എന്തെല്ലാം നടപടികൾ സ്വീകരിക്കുമെന്ന് വ്യക്തമാക്കുമോ ; | (ബി) ഇപ്പോൾ പരിഗണനയിലില്ല; ബാധകമല്ല. |
| (സി) 2012-13 സാമ്പത്തിക വർഷത്തിൽ ജയിൽ വകുപ്പിൽ എത്ര കോടി രൂപയുടെ നിർമ്മാണ- വികസന പ്രവർത്തനങ്ങളാണ് നടപ്പിലാക്കുന്നത്; വിശദാംശം ലഭ്യമാക്കുമോ ; | (സി) ജയിലുകളുടെ നവീകരണം എന്ന പദ്ധതിയിൽ ഉൾപ്പെടുത്തി 84,95,488 രൂപയുടെ ഭരണാനുമതി നൽകിയിട്ടുണ്ട്. 45,40,000 രൂപയുടെ നിർദ്ദേശങ്ങൾ പരിശോധിച്ചുവരുന്നു. തടവുകാരുടെ ക്ഷേമം എന്ന പദ്ധതിയിൽ ഉൾപ്പെടുത്തി 1,29,98,500 രൂപയുടെ ഭരണാനുമതി നൽകിയിട്ടുണ്ട്. ചെറുകിട മരാമത്ത് പണികൾ എന്ന പദ്ധതിയേതരയിനത്തിൽ 45,59,240 രൂപയുടേയും ഭരണാനുമതി നൽകിയിട്ടുണ്ട്. വിശദാംശങ്ങൾ അനുബന്ധം I ആയി ചേർക്കുന്നു. |

| | |
|---|---|
| (ഡി) സബ്ജയിൽ സൂപ്രണ്ട് മുതൽ സെൻട്രൽ ജയിൽ സൂപ്രണ്ട് വരെയുള്ള ഉദ്യോഗസ്ഥർക്ക് സ്വന്തം നിലയിൽ എത്ര രൂപവരെ നിർമ്മാണ പ്രവർത്തനങ്ങൾക്ക് ചെലവഴിക്കാം എന്ന് വ്യക്തമാക്കുമോ ; | (ഡി) ഈ ഉദ്യോഗസ്ഥർക്ക് സ്വന്തം നിലയിൽ നിർമ്മാണപ്രവർത്തനങ്ങൾക്കായി തുക ചെലവഴിക്കാനുള്ള അധികാരമില്ല. |
| (ഇ) 2010-11 സാമ്പത്തിക വർഷം ഓരോ ജയിലിലും എത്ര രൂപാ ചെലവഴിച്ചുവെന്ന് വിശദമാക്കുമോ ? | (ഇ) അനുബന്ധം II ആയി ചേർത്തിരിക്കുന്നു. |

സെക്ഷൻ ഓഫീസർ

അനുബന്ധം ലൈബ്രറിയിൽ ലഭ്യമാണ്